SUNDAY 07.01.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 07/01/2024

1. കേരളകാർഷിക സർവകലാശാല ഉത്തരമേഖല കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട് വച്ച് ആർ എ ആർ എസ് ഫാം കാർണിവൽ 2024 ജനുവരി 4 മുതൽ നടന്നു വരുന്നു. ജനുവരി 14 വരെയുള്ള തീയതികളിൽ 9 മണി മുതൽ 5 മണി വരെ ഫാം കാർണിവൽ ഉണ്ടായിരിക്കുന്നതാണ്. ഇതോടനുബന്ധിച്ച് കൃഷിയിടപ്രദർശനം, മാതൃക കൃഷിതോട്ടങ്ങൾ, സാങ്കേതികവിദ്യ പ്രദർശനം, പുഷ്പ-ഫല പ്രദർശനം, പൈതൃക വിത്ത് മേള, വിത്ത്, നടീൽ വസ്തുക്കൾ, ഉത്പന്ന വിപണന മേള, കർഷകരുടെ ചന്ത, അഗ്രോക്ലിനിക്ക്, ആരോഗ്യക്യാമ്പ്, മൃഗസംരക്ഷണം, കാർഷിക സെമിനാറുകൾ മുതലായവ ഉണ്ടായിരിക്കുന്നതാണ്.

2. ഇടുക്കി, വയനാട് ജില്ലകളിലെ ഏലം കർഷകർക്ക് കാർഡമം രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലയളവ് 2024 മാർച്ച് 31 വരെ ദീർഘിപ്പിച്ചു. കാർഡമം രജിസ്ട്രേഷൻ ആവശ്യമുള്ളവർ നിശ്ചിതഫാമിൽ അപേക്ഷയും, ആധാർ, കരം അടച്ച രസീത്, ആധാരം എന്നിവയുടെ കോപ്പിയുമായി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. ഭാരതീയ സുഗന്ധ വിള ഗവേഷണ കേന്ദ്രം (ഐ.ഐ.എസ്.ആർ) പുതുതായി വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യയിലൂടെ, കുമ്മായവും ട്രൈക്കോഡെർമയും സംയോജിപ്പിച്ച് ഒറ്റ ഉല്പന്നമായി "ട്രൈക്കോലൈം"എന്ന പേരിൽ പുറത്തിറക്കുന്നു. കുമ്മായം അടിസ്ഥാനമാക്കിയുള്ള ഈ മിശ്രിതം ചെടികളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം മണ്ണിലെ അമ്ലതയെ നിയന്ത്രിക്കുകയും രോഗാണുക്കളിൽ നിന്നും വിളകളെ സംരക്ഷിക്കുകയും ചെയ്യുന്നു. മണ്ണിന്റെ ഘടനമെച്ചപ്പെടുത്തുന്നതിനും

വിളകൾക്കാവശ്യമായ പോഷകലഭ്യത ഉറപ്പുവരുത്തുന്നതിനും ഇത് ഒരുപോലെ സഹായിക്കും

4. പുതിയ സംരംഭം തുടങ്ങാൻ താല്പര്യമുള്ള സംരംഭകർക്കായി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് അഞ്ച് ദിവസത്തെ വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്നു. ജനുവരി എട്ടു മുതൽ 12 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിലാണ് പരിശീലനം. ബിസിനസ്സ് നിയമവശങ്ങൾ, ഐഡിയ ജനറേഷൻ, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന വിധം, സെയിൽസ് ആൻഡ് മാർക്കറ്റിംഗ്, ബാങ്കിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ, ജി എസ് ടി, സംരംഭം തുടങ്ങാൻ ആവശ്യമായ ലൈസൻസുകൾ, വിജയിച്ച സംരംഭകന്റെ അനുഭവം പങ്കിടൽ, തുടങ്ങിയ നിരവധി സെഷനുകളുണ്ട്. താല്പര്യമുള്ളവർ http://kied.info/training- calender/ സന്ദർശിച്ച് ഓൺലൈനായി ജനുവരി മൂന്നിനകം അപേക്ഷിക്കണം. തെരഞ്ഞെടുക്കപ്പെടുന്ന 35 പേർ മാത്രം ഫീസ് അടച്ചാൽ മതി. ഫോൺ 0484 2532890, 2550322, 9605542061.

5. കൊല്ലം ജില്ലയിലെ ആയൂർ തോട്ടത്തറ സർക്കാർ ഹാച്ചറി കോംപ്ലക്സിൽ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട ഒരു ദിവസം പ്രായമുള്ള പൂവൻ കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് അഞ്ച് രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0475 2292899 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടി**

6. കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന നാളികേര വികസന ബോർഡിന്റെ രണ്ട് ബാച്ചുകളുടെ തെങ്ങുകയറ്റ പരിശീലനം കാർഷിക വികസന കർഷക ക്ഷേ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, വെള്ളായണിയിൽ പ്രവർത്തിച്ചുവരുന്ന റിസർച്ച്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ടെസ്റ്റിംഗ് & ട്രെയ്നിംഗ് സെന്ററിൽ വച്ച് **2024 ജനുവരി 29 മുതൽ ഫെബ്രുവരി 3 വരെയും ഫെബ്രുവരി 12 മുതൽ 17 വരെയും** തീയതികളിൽ നടത്തപ്പെടുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിൽ നിന്നുള്ളവർക്ക് പരിശീലനത്തിന് പങ്കെടുക്കാം. പരിശീലനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2024 ജനുവരി 9-ന് തിരുവനന്തപുരം, വെള്ളായണി, ആർ.ടി.ടി സെന്റിൽ രാവിലെ 10 മണിക്കും വൈകിട്ട് 5-നും ഇടയ്ക്ക് നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2481763, 9383470314** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

7. മൃഗസംരക്ഷണ വകുപ്പ്-തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ജനുവരി മാസം 10 ന് രാവിലെ 10 മണി മുതൽ 5 മണി വരെ താറാവ് വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ **9188522711, 0469-2965535** എന്നീ ഫോൺ നമ്പരുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കേരള കാർഷിക സർവ്വകലാശാല ഇപഠന കേന്ദ്രം "ലാൻഡ്സ്കേപ്പിംഗ്" എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് ജനുവരി മാസം 11 ന് ആരംഭിക്കുന്നു. താൽപ്പര്യമുള്ളവർ ജനുവരി 10 നകം ഈ കോഴ്സിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി www.celkau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.